# വിദ്യാമൃതം പദ്ധതി ഉദ്ഘാടനം ചെയ്തു

കൊല്ലം: നിർധനരായ വിദ്യാർഥികൾക്ക് സാമ്പത്തികസഹായം നൽകുന്ന 'വിദ്യാമൃതം' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം സൂര്യ കൃഷ്ണമൂർത്തി പാരിപ്പള്ളി അമൃത സ്കൂളിൽ നിർവഹിച്ചു. 'ലോകം സന്തോഷിക്കുമ്പോൾ മാത്രമേ അമ്മയ്ക്കും സന്തോഷമുള്ളൂ എന്ന തിരിച്ചറിവിൽക്കൂടിയാണ് അമ്മയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു'. അമ്മയുടെ ഈ 'വിദ്യാമൃതം' പദ്ധതി ദരിദ്രരായ പതിനായിരക്കണക്കിന് വിദ്യാർഥികൾക്ക് പ്രയോജനപ്പെടുമെന്ന് അദ്ദേഹം പറഞ്ഞു.



വിദ്യാമൃതം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കൻഡറി സ്കൂളിൽ സൂര്യ കൃഷ്ണമൂർത്തി നിർവഹിക്കുന്നു

ആമുഖപ്രഭാഷണത്തിൽ സ്വാമി തുരീയാമൃതാനന്ദപുരി പദ്ധതിയുടെ വിശദാംശങ്ങളും ലക്ഷ്യവും വിശദീകരിച്ചു. മാതാ അമൃതാനന്ദമയി മഠം നടപ്പിലാക്കിവരുന്ന ഈ പദ്ധതിപ്രകാരം കേരളം, മഹാരാഷ്ട്ര, ആന്ധ്ര സംസ്ഥാനങ്ങളിലായി ആദ്യഘട്ടത്തിൽ 30,000 വിദ്യാർഥികൾക്ക് പ്രയോജനം ലഭിക്കും. ഭാവിയിൽ 1,00,000 വിദ്യാർഥികൾക്ക് പ്രയോജനപ്പെടും. ജാതി-മത വ്യത്യാസങ്ങൾക്ക് അതീതമായാണ് ഈ പദ്ധതിയും നടപ്പിലാക്കുന്നത്. പഠനത്തിലുള്ള അഭിരുചി കൂടി കണക്കിലെടുത്താണ് കുട്ടികളെ തിരഞ്ഞെടുത്തത്.

ചടങ്ങിൽ കല്ലുവാതുക്കൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് എ.ശ്രീധരൻ അധ്യക്ഷനായിരുന്നു. സ്കൂൾ മാനേജർ സ്വാമി തുരീയാമൃതാനന്ദപുരി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ചെയ്തു. പി.ടി.എ.പ്രസിഡൻറ് പി.ബാബു, പ്രിൻസിപ്പൽ ജി.ശ്രീകുമാരി, സ്റ്റാഫ് സെക്രട്ടറി എ.ഗീത എന്നിവർ സംസാരിച്ചു. ഹെഡ്മിസ്ട്രസ് പി.ഓമനയമ്മ സ്വാഗതം പറഞ്ഞു.